മിസ്റ്റർ കെ. അച്യുതമേനോൻ:

(ഫ) ഇല്ല.

(ഭ) മേൽപറഞ്ഞ ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ബി. എം. പീറർ: മേല്പറഞ്ഞ സർവ്വേ നമ്പരുകൾ കൊച്ചി തിരുമല ദേവസ്വത്തിന്റെ കൈവശമാണെന്നറിയാമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: കൊച്ചി തിരുമലദേവസ്വം സർവ്വേ ഫറുനു-ാം നമ്പ്രു് ഭൂമി കൈവശം വെച്ചിട്ടുണ്ടെന്നുള്ള ഒരു ഇൻഫർമേഷൻ മാത്രമെ എനിക്കുള്ളൂ.

മിസ്റ്റർ ബി. എം. പീറർ: ഇതു് കൊച്ചി തിരുമലദേവസ്വത്തിലേക്കു് എന്നാണു് കൈവശം കിട്ടിയതു്.

മിസ്റ്റർ കെ. അച്യുതമേനോൻ: നോട്ടീസ്സുവേണം.

ERNAKULAM—MATTANCHERI MOTOR BOATS—TOUCHING AT WILLINGDON ISLAND

215. Mr. T. A. Ramachandra Ayyar *(Nellayi):* Will the Government be pleased to state.—

(*a*) whether motor boats from Ernakulam used to touch at Customs House on their way to Mattancheri;

(*b*) if so, when was this discontinued and what is the reason for the same;

(*c*) whether the boats are allowed to touch at the Willingdon Island;

(*d*) if not, why not?

Mr. V. K. Aravindaksha Menon *(Chief Engineer):* (*a*) Yes. (It is presumed that by motor boats, it is meant the ferry motor boats between Ernakulam and Mattancheri).

(*b*) This was discontinued from 19th May 1938, at the instance of the Administrative Officer and Harbour Engineer-in-Chief.

(*c*) and (*d*) Two boats from Ernakulam to Mattancheri in the morning and one boat from Mattancheri to Ernakulam in the evening are touching the Willingdon Island.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഹാർബർ എഞ്ചിനീയർ-ഇൻ-ചീഫു് തടസ്സം ചെയ്യുന്നതിനു കാരണമെന്താണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ വർക്കുചെയ്യുവാൻ ബുദ്ധിമുട്ടു വരുന്നുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഏതെങ്കിലും വിധത്തിൽ കസ്റ്റംസ്സു് ഹൌസിനടുത്തു് ബോട്ടുകൾ അടുപ്പിയ്ക്കുവാൻ വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ജെട്ടിയുണ്ടെങ്കിൽ വെയ്റ്റിംഗ് ഷെഡായിരുന്നു; അവിടെ ജെട്ടിയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അവിടെ ജെട്ടിയില്ലാത്തതുകൊണ്ടു് യാത്രക്കാർക്കു ബുദ്ധിമുട്ടുണ്ടെന്നു ഗവൺമെൻറു് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ അരവിന്ദാക്ഷമേനോൻ: അതു ബ്രിട്ടീഷ് കൊച്ചിൻ മുനിസിപ്പാലിറ്റി ചെയ്യേണ്ടതാണു്. അതു് അവർ കെട്ടാത്തതുകൊണ്ടു കുറെ ബുദ്ധിമുട്ടുണ്ടാകും.

മിസ്റ്റർ സി. വി. ഇയ്യു: ബ്രിട്ടീഷുതുരുത്തിക്കടുത്തുള്ള നമ്മുടെ ഗവൺമെൻറുവക സ്ഥലത്തു ജെട്ടി കെട്ടുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിനുള്ള സൌകര്യമായ സ്ഥലമില്ല

VENDURUTHI—SCARCITY OF PURE WATER

216. മിസ്റ്റർ ബി. എം. പീറർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു ദയവായി മറുപടി പറയുമോ.—

(എ) രാമേശ്വരം വില്ലേജിൽപ്പെട്ട വെണ്ടുരുത്തിയിലുള്ള ശുദ്ധജലദൌർല്ലഭ്യത്തെപ്പറ്റി തദ്ദേശവാസികളിൽനിന്നും വല്ല അപേക്ഷകളും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ വല്ല നിവാരണവും വരുത്തി കൊടുത്തിട്ടുണ്ടോ;

(സി) എറണാകുളത്തുനിന്നു മട്ടാഞ്ചേരിയിലേക്കുള്ള മെയിൻ ലയിനിൽനിന്നു തൽക്കാലം മൂന്നു നാലു—ഹൈഡ്രൻറുകളെങ്കിലും വെച്ചുകൊടുക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ:

(എ) എൻപത്തൊമ്പതു ജനുവരിമാസം എന്നു-രണ്ടു- വെണ്ടുരുത്തിയിലെ പൌരസമാജം ഇക്കാര്യത്തെപ്പറ്റി പാസ്സാക്കിയ ഒരു പ്രമേയത്തിൻെറ പകർപ്പു് ഗവൺമെൻറിനു കിട്ടീട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഈ കാര്യത്തിനു് ഇപ്പോൾ സാദ്ധ്യമല്ല.

മിസ്റ്റർ ബി എം. പീറർ: ഇതു് ഇപ്പോൾ സാദ്ധ്യമല്ലെന്നു പറഞ്ഞിട്ടുള്ളതു വെള്ളത്തിൻെറ പോരായ്മകൊണ്ടാണോ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ: അതെ. എറണാകുളത്തും മട്ടാഞ്ചേരിയിലും ഒക്കെ വെള്ളം കൊടുക്കണമെന്ന സ്ഥിതി വന്നപ്പോൾ വെള്ളമുണ്ടോ ഇല്ലയോ എന്നു തീർച്ചയാക്കിവേണം ഒരു പുതിയ ലയിൻ തുറക്കുവാൻ. ബ്രിട്ടീഷ് കൊച്ചിയിലേയ്ക്കും വെള്ളംവേണമെന്നു തീരുമാനിയ്ക്കുകയാണെങ്കിൽ ബുദ്ധിമുട്ടേണ്ടിവരുമെന്നാണു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly